അവിടുത്തെ ലേലത്തെ സംബന്ധിച്ച് അവർ ചില ക്രമീകരണങ്ങൾ വരുത്തി. നമ്മുടെ സംസ്ഥാനത്തിന് ഒരു പ്രത്യേകതയുള്ളത്, മറ്റ് സംസ്ഥാനങ്ങളിൽ തേയിലയുടേത് ചെറിയ തോട്ടങ്ങളാണ്. നമുക്കാണെങ്കിൽ വലിയ പ്ലാന്റേഷൻസ് മാത്രമാണ്. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള പല ആനുകൂല്യങ്ങളും നമ്മുടെ ഈ വലിയ തേയിലത്തോട്ടങ്ങൾക്ക് കിട്ടാൻ ഒരുപാട് പരിമിതികളുണ്ട്. അതിനെ അതിജീവിച്ചുകൊണ്ട് ഈ തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമെന്ന് ഒരിക്കൽകൂടി പറയുകയാണ്.

IV. സബ്മിഷൻ

(1) മൽസ്യത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, ഉറങ്ങുന്നവരെ വിളിച്ചുണർത്താം ഉറക്കം നടിക്കുന്നവരെ ഉണർത്തുക പ്രയാസമാണ്. ഉറക്കം നടിക്കുകയാണ് ഈ ഗവൺമെന്റ്. ഞാൻ ശൂന്യവേളയിൽ കർഷകരുടെ ആത്മഹത്യയെക്കുറിച്ചുള്ള പ്രശ്നം ഇവിടെ അടിയന്തിരപ്രമേയ നോട്ടീസിൽ ഉന്നയിക്കാൻ ശ്രമിച്ചപ്പോൾ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞ മറുപടി അങ്ങനെ ആത്മഹത്യ ചെയ്തിട്ടുണ്ടെങ്കിൽ ഇൻക്വസ്റ്റിൽ പറയാത്തപ്പോൾ എങ്ങനെയാണ് എന്നൊക്കെയാണ്. അങ്ങയുടെ നിയോജകമണ്ഡലത്തിൽപ്പെട്ട കുന്നത്തുകാൽ പഞ്ചായത്തിൽ, ഇന്നത്തെ കേരള കൗമുദി പത്രത്തിൽ എട്ടാമത്തെ പേജിൽ.....(പത്രം ഉയർത്തി കാണിച്ചു).....

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് വിഷയം പറയണം. ഇത് സബ്മിഷനാണ്. അങ്ങേക്ക് രണ്ട് മിനിറ്റേയുള്ളൂ.....

ഡോ. എ. നീലലോഹിതദാസൻ നാടാർ: ആത്മഹത്യ ചെയ്തിട്ടുണ്ടെങ്കിൽ ഇൻക്വസ്റ്റിൽ പറയുന്നില്ല എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. ഉറക്കം നടിക്കുന്ന സ്വഭാവമാണ് ഗവൺമെന്റ് സ്വീകരിക്കുന്നതെങ്കിൽ ഈ സബ്മിഷനുകളൊക്കെ അർത്ഥമില്ലാതാവുകയാണ്. ഞാൻ പറയുന്നത് വളരെ പ്രധാനപ്പെട്ട ഒരു മേഖലയെ കുറിച്ചാണ്. മൽസ്യത്തൊഴിലാളി മേഖലയിലെ സ്ഥിതിയെക്കുറിച്ചാണ്. നമ്മുടെ സംസ്ഥാനത്ത് മൽസ്യത്തൊഴിലാളി ക്ഷേമ ബോർഡ്, തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികളൊക്കെ കഴിഞ്ഞ ആറ് മാസമായി നിർത്തിവച്ചിരിക്കുകയാണ്. കഴിഞ്ഞ ആറ് മാസക്കാലമായി ഒരു ആനുകൂല്യവും വിതരണം ചെയ്യുന്നില്ല. മൽസ്യത്തൊഴിലാളികൾക്കായി കാലാകാലങ്ങളായി ഏതാണ്ട് 21 ക്ഷേമ പദ്ധതികളാണ് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്. ആ ക്ഷേമപദ്ധതികളിൽപ്പെട്ട ആനുകൂല്യങ്ങളൊന്നും കഴിഞ്ഞ ആറ് മാസമായി വിതരണം ചെയ്യുന്നില്ല. ഫിഷറീസ് മന്ത്രാലയത്തിൽ നിന്നുള്ള അറിയിപ്പനുസരിച്ചാണ് ഈ ക്ഷേമപദ്ധതികൾക്കുള്ള ആനുകൂല്യങ്ങളൊക്കെ നിർത്തിവച്ചിരിക്കുന്നത് എന്നാണ് ആക്ഷേപം ഉയർന്നു വന്നിട്ടുള്ളത്. മൽസ്യത്തൊഴിലാളികൾ അടയ്ക്കുന്ന ക്ഷേമനിധി വിഹിതം തിരികെ കൊടുക്കാൻ സർക്കാർ തയ്യാറാകുന്നില്ല. ഗ്രൂപ്പ് ഇൻഷ്വറൻസ്, അപകടചികിൽസാ സഹായം, അപകടമരണത്തിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സഹായധനം, വിധവ ധനസഹായം, വാർദ്ധക്യകാല പെൻഷൻ, മരണാനന്തര ചെലവ്, അപകടത്തിലുണ്ടാകുന്ന താൽക്കാലിക അവശതയ്ക്കുള്ള സഹായം, കുടുംബ സംവിധാന പദ്ധതി, മാരക രോഗത്തിന് ചികിൽസാ സഹായം, പെയർമാൻ റിലീഫ് ഫണ്ട്., നേതൃജ്യോതി, പ്രസവ ധനസഹായം, ഉന്നത വിദ്യാഭ്യാസ പ്രോൽസാഹന പദ്ധതി, തുടങ്ങിയ 21 ക്ഷേമ പദ്ധതികൾ ഇവിടെ ഉണ്ട്, മൽസ്യത്തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളൊന്നും കഴിഞ്ഞ ആറ് മാസമായി വിതരണം ചെയ്യുന്നില്ല എന്നു പറഞ്ഞാൽ വളരെ ഗൗരവതരമായ ഒരു കാര്യമാണ്. സാധാരണ പഞ്ഞ മാസങ്ങളിൽ തീരദേശ വില്ലേജുകളിലാകെയും സൗജന്യ റേഷൻ വിതരണം ചെയ്യുന്ന ഒരു സ്ഥിതിയുണ്ട്. ഈ തവണ ആവർത്തിച്ചാവർത്തിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഈ സഭയിൽ പറഞ്ഞിട്ടുള്ളത് ആവശ്യമെന്നു കണ്ടാൽ സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിന് കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നാണ്. കർഷകർ ആത്മഹത്യ ചെയ്തിട്ടും അതു തന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. രാമചന്ദ്രൻ എന്ന കർഷകന്റെ ആത്മഹത്യയെക്കുറിച്ച് കളക്ടർ അറിഞ്ഞിട്ടില്ല. ഇത്തരം മരണങ്ങൾ അറിയാത്ത കളക്ടർമാരാണ് ഉള്ളത്. തീരദേശ പ്രദേശത്ത് സൗജന്യ റേഷൻ വിതരണം ചെയ്യുന്നില്ല. അവിടങ്ങളിൽ ഇതുപോലുള്ള ആത്മഹത്യയ്ക്കും പട്ടിണി മരണങ്ങൾക്കും എല്ലാവിധ സാധ്യതകളും ഉയർന്നു വന്നിരിക്കുകയാണ്. ഗൗരവത്തോടുകൂടി ഗവൺമെന്റ് ഈ പ്രശ്നങ്ങൾ കാണണം. ഈ ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ അടിയന്തിരമായി നടപടി എടുക്കണം. അതിന് ഫിഷറീസ് വകുപ്പിൽ ഫണ്ടില്ലാത്തതിനാൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഫണ്ട് നൽകാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): സർ, ക്ഷേമനിധി നൽകുന്നത് ഒന്നുംതന്നെ നിർത്തിവച്ചിട്ടില്ല എന്നു മാത്രമല്ല കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ഏറ്റവും കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്ന ഒരു സന്ദർഭവുമാണ്. ഡോ: എ. നീലലോഹിതദാസൻ നാടാർ പറഞ്ഞതുപോലെ ഉറങ്ങികിടന്നാൽ എനിക്ക് ഒന്നും ചെയ്യാൻ കഴിയില്ല. കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ വിവിധ ക്ഷേമ പദ്ധതികൾ പ്രകാരം മൽസ്യത്തൊഴിലാളികൾക്ക് 20 കോടി രൂപ നൽകിയിട്ടുണ്ട്. വളരെ ഉദാരമായ സമീപനമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രിയും എടുത്തിട്ടുള്ളത്. സമ്പാദ്യസമാശ്വാസ പദ്ധതി അനുസരിച്ച് 1,10,624 പേർക്ക് 12,47,61,650 രൂപ നൽകിയിട്ടുണ്ട്. ഒരു കുടിശിക പോലും ഇപ്പോൾ ബാക്കിയില്ല. പെൻഷനായി 300 ലക്ഷം രൂപയും വിദ്യാഭ്യാസ ആനുകൂല്യമായി 250 ലക്ഷം രൂപയും ഭവന നിർമ്മാണ ഗ്രാന്റായി ഒന്നരക്കോടി രൂപയും നൽകിയിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ മൂന്ന് ഇൻസ്റ്റാൾമെന്റ് കുടിശിക വിദ്യാർത്ഥികൾക്ക് കൊടുക്കാനുണ്ടായിരുന്നു. അതിൽ രണ്ട് ഇൻസ്റ്റാൾമെന്റ് കൊടുത്ത് തീർത്തു. ഈ സർക്കാർ വന്നതിനുശേഷം പെൻഷൻ ഇനത്തിൽ 14 കോടി രൂപയും വിദ്യാഭ്യാസ ആനുകൂല്യമായി ഒമ്പതര കോടി രൂപയും നൽകിയിട്ടുണ്ട്. വരുന്ന ഓണക്കാലത്ത് മൂന്നു മാസത്തെ പെൻഷൻ വിതരണത്തിന് ഒരു കോടി രൂപ നൽകാമെന്നു ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉറപ്പ് തന്നിട്ടുണ്ട്. എന്നാലും പെൻഷൻ, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഇപ്പോഴും കുടിശ്ശികയിലാണ്. വർഷങ്ങളായി നിലനിൽക്കുന്ന കുടിശ്ശികയുടെ ബാക്കിയാണ്. അതിൽ

ഡോ: എ. നീലലോഹിതദാസൻ നാടാർ മനസ്സിലാക്കേണ്ടത് ഈ ഗവൺമെന്റ് വന്ന തിനുശേഷം 16 ഇൻസ്റ്റാൾമെന്റ് കുടിശ്ശികയുണ്ടായിരുന്ന പെൻഷനിൽ കുറെ കൊടുത്തു. ഇനി 7 ഇൻസ്റ്റാൾമെന്റ് മാത്രമേയുള്ളു. കഴിഞ്ഞ കാലത്തെ ഗവൺമെന്റ് ഉണ്ടാക്കിയ കുടിശ്ശിക മുഴുവൻ ഈ ഗവൺമെന്റ് കൊടുക്കുകയാണ്.കഴിഞ്ഞ ഗവൺമെന്റ് ഒന്നും കൊടുത്തിട്ടുണ്ടായിരുന്നില്ല. എല്ലാം ഇപ്പോൾ കൊടുത്തു കൊണ്ടിരിക്കുകയാണ്. സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. പക്ഷേ മുൻ കാലഘട്ടങ്ങളിൽ ഉണ്ടായ കുടിശ്ശിക ഉൾപ്പെടെയാണ് ഈ ഗവൺമെന്റ് തീർത്തുകൊണ്ടിരിക്കുന്നത്. ചെറിയ കുടിശ്ശിക ഇനിയുമുണ്ട്. പെൻഷനും വിദ്യാഭ്യാസ ആനുകൂല്യവും കൊടുത്തു തീർക്കുന്ന ശ്രമത്തിലാണ്.

(2) മുടങ്ങിക്കിടക്കുന്ന അക്വേറിയത്തിന്റെയും ഫിഷ് സീഡ് ഫാമിന്റെയും പ്രവർത്തനം ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. തമ്പാനൂർ രവി: തിരുവനന്തപുരം ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ നെയ്യാർഡാമിൽ ദേശീയ നിലവാരത്തിലുള്ള ഒരു ഫ്രഷ് വാട്ടർ അക്വേറിയം 1977-ൽ പ്രവർത്തനം ആരംഭിച്ചു. നാലര വർഷമായി അതിന്റെ പണി മുടങ്ങിക്കിടക്കുകയാണ്. ഒരു കോടി രൂപ ചെലവഴിച്ചു. ഇനി അതിന്റെ ഇന്റേണൽ ഡെക്കറേഷൻ മാത്രമേ പൂർത്തിയാക്കാനുള്ളൂ. പണി മുടങ്ങിയ കാര്യം ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ബഹുമാനപ്പെട്ട മന്ത്രി പ്രൊഫ. കെ. വി. തോമസും ഉന്നത ഉദ്യോഗസ്ഥന്മാരും കഴിഞ്ഞ മെയ് മാസം ഇരുപതാം തീയതി പതിന്നാലു മാസങ്ങൾക്കു മുമ്പ് ആ സ്ഥലം സന്ദർശിക്കുകയും ആ സ്ഥലം നോക്കി കാണുകയും ഉദ്യോഗസ്ഥന്മാരുടെ കോൺഫറൻസ് രാൺ ദി സ്പോട്ടിൽ വിളിച്ചു കൂട്ടി രണ്ടു മാസത്തിനകം അതിന്റെ പണി ആരംഭിക്കണമെന്നു തീരുമാനിക്കുകയും ചെയ്തു. എന്നാൽ ഇതുവരെ ഒരു പ്രവർത്തനവും മുന്നോട്ടു പോയിട്ടില്ല. ഗവൺമെന്റിന് വന്നിച്ച സാമ്പത്തിക നഷ്ടം ഇതുമൂലം ഉണ്ടായിരിക്കുകയാണ്. അതുപോലെ തന്നെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ ആവശ്യമുള്ള മത്സ്യ കുഞ്ഞുങ്ങളെ കൊടുക്കുന്ന ഒരു നാഷണൽ ഫിഷ് സീഡ് ഫാം അവിടെ രൂപകല്പന ചെയ്തു. പതിനെട്ട് ഏക്കർ സ്ഥലം വിലയ്ക്കു വാങ്ങി. പതിനഞ്ചു കുളങ്ങൾ മാത്രം അവിടെ കുഴിച്ചു. അതിന്റെ പണിയും അവിടെ മുടങ്ങിക്കിടക്കുകയാണ്. മന്ത്രി സ്ഥലം സന്ദർശിച്ച് ഉത്തരവ് നല്കിയിട്ടും യാതൊരു പുരോഗതിയുമില്ല. എന്റെ ആവശ്യം അടിയന്തിരമായി ഈ രണ്ടു പണിയും പുനരാരംഭിക്കണം എന്നുള്ളതാണ്. അതോടൊപ്പം തന്നെ ഗവൺമെന്റിന്റെ കോടികൾ തുലച്ച ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകണം.

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): ഇന്ത്യയിൽത്തന്നെ ഏറ്റവും ആധുനികമായ അക്വേറിയമാണ് നെയ്യാർഡാമിലുള്ളത്. അതിന്റെ പണി തൊണ്ണൂറ് ശതമാനം തീർന്നു. അതുപോലെ തന്നെ കേരളത്തിലെ ശുദ്ധജല തടാകങ്ങൾക്കു മീൻ കുഞ്ഞുങ്ങളെ നല്കുന്നതിനുവേണ്ടിയുള്ള നാഷണൽ ഫിഷ് സീഡ് ഫാമിന്റെ പ്രവർത്തനം എൺപത് ശതമാനവും പൂർത്തിയായി. ഞാനും ബഹുമാനപ്പെട്ട അംഗവും ജനപ്രതിനിധികളും ഒന്നിച്ച് കഴിഞ്ഞ മെയ് മാസത്തിൽ അവിടെ പോയിരുന്നു. അന്ന് ഈ പണി പൂർത്തീകരിക്കുവാൻ രണ്ടു മൂന്നു മാസം വേണമായിരുന്നു. പിന്നീട് ഒരു വിജിലൻസ് കേസ് ഉണ്ടായി. അതിനെത്തുടർന്ന്

LIBRARY ARCHIVES Kerala Legislative Assembly